**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2323      19/7/2016-ലെ മറുപടിയ്ക്ക്

**ഹോർട്ടികോർപ്പ് മുഖേന വില്പന നടത്തുന്ന പച്ചക്കറികൾ**

| **ചോദ്യം**<br>ശ്രീ. കെ.വി.വിജയദാസ് | **മറുപടി**<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷിവകുപ്പ് മന്ത്രി) |
|---|---|
| എ) ഹോർട്ടികോർപ്പ് മുഖേന വില്പന നടത്തുന്ന പച്ചക്കറികൾ നിലവാരം കുറഞ്ഞതും പബ്ലിക് മാർക്കറ്റിലെ വിഷാംശമുള്ളതുമാണെന്നുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) ഉണ്ട്. കേരളത്തിലെ കർഷകരിൽനിന്നും സംഭരിക്കുന്ന പച്ചക്കറികളുടേയും കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കുന്നതിന്റെയും സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യു ടെസ്റ്റിംഗ് ലാബിൽ പരിശോധനയ്ക്ക് അയയ്ക്കുകയും പരിശോധനയിൽ ഗുണനിലവാരം കുറഞ്ഞവയായി തെളിയുന്ന പക്ഷം ടി കർഷകർ/കർഷക സംഘങ്ങൾ/ മൊത്തവ്യാപാര വിപണികൾ എന്നിവയ്ക്ക് മുന്നറിയിപ്പ് നൽകുകയും അവിടെ നിന്നുള്ള സംഭരണം നിറുത്തി വെയ്ക്കുകയും ചെയ്യുന്നതാണ്. |
| ബി) ഇത്തരത്തിൽ കുറ്റകരമായ പ്രവൃത്തികൾ ചെയ്യുവർക്കെതിരെ നടപടി സ്വീകരിക്കുമോ? | ബി) ഇതു സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ